കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവല്ല നഗരസഭ - ലൈഫ് മിഷൻ പദ്ധതി- പൂർത്തീകരിക്കാത്തഭവനങ്ങളുടെ പൂർത്തീകരണത്തിന് ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ചെലവഴിക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 798 /2018/തസ്വഭവ തിരുവനന്തപുരം, തീയതി, 24/03/2018.

---

വായന:- 1. 23/11/2017 ലെ 326/ഡിബി1/2017 നം. സർക്കുലർ

2. തിരുവല്ല നഗരസഭാകൗൺസിലിന്റെ 31/01/2018 ലെ 7-ാം നമ്പർതീരുമാനം. .

3. തിരുവല്ല നഗരസഭാചെയർമാന്റെ 22/02/2018 ലെ കത്ത്

## ഉത്തരവ്

തിരുവല്ല നഗരസഭ 2009-10, 2010-11, 2011-12 വർഷങ്ങളിലായി ജനകീയാസൂത്രണ പദ്ധതി പ്രകാരം പ്രോജക്ടിൽ (പൊതു വിഭാഗം) വകയിരുത്തിയിട്ടുള്ള 96,37,580/-രൂപാ ഇ. എം..എസ് ഭവന പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയിരുന്നെന്നും ടി തുകയിൽ 90,48,975/- രൂപാ 2016-17 സാമ്പത്തികവർഷം വരെ ചെലവഴിച്ചുവെന്നും ബാക്കി തുകയായ 5,88,605/- രൂപാ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്നും കൂടാതെ എസ് സി വിഭാഗത്തിന് വസ്തു വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുമായി 2009-10, 2010-11 വർഷങ്ങളിലായി ആകെ 1,07,00,000/- രൂപാ ഇ.എം. എസ് ഭവന പദ്ധതിയ്ക്കുള്ള അക്കൗണ്ടിലേയ്ക്ക് മാറ്റിയിരുന്നുവെന്നും എന്നാൽ പട്ടിക ജാതി വികസന വകുപ്പ് മുഖാന്തിരം ഭവന നിർമ്മാണ ധനസഹായത്തിന്റെ തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇ.എം. എസ് ഭവന പദ്ധതി ഗുണഭോക്തൃലിസ്റ്റിലുണ്ടായിരുന്ന ഭൂരിഭാഗം പേരും പട്ടിക ജാതി വകുപ്പിൽ നിന്നും ധനസഹായം കൈപ്പറ്റുകയും ചെയ്തതിനാൽ ഇത്തരത്തിലും ഫണ്ട് ചെലവാകാതെ അവശേഷിച്ചുവെന്നും ഇപ്രകാരം വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തിയതിൽ (പൊതു വിഭാഗം-5,88,605/- രൂപ, എസ് സി-1,50,85,000, ബാങ്ക് പലിശ-43,93,179/-)ആകെ 2,00,66,784/-രൂപ തിരുവല്ല നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ പത്തനംതിട്ട ജില്ലാസഹകരണ ബാങ്കിന്റെ തിരുവല്ല ബ്രാഞ്ചിൽ ഇ.എം എസ് ഭവന പദ്ധതി അക്കൗണ്ടിൽ അവശേഷിക്കുന്നതായുണ്ടെന്നും പ്രസ്തുത തുക വായന (1) ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് വകമാറ്റുന്നതിന് അംഗീകാരം നൽകണമെന്നും വായന(2) ലെ നഗരസഭാതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായന (3) പ്രകാരം നഗരസഭാചെയർമാൻ അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തിരുവല്ല നഗരസഭ യുടെ ഇ.എം എസ് ഭവന പദ്ധതി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക (2,00,66,784/-രൂപ )ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് വകമാറ്റുന്നതിന്, എസ് സി ഫണ്ടും അതിൽ ലഭിച്ച പലിശയും എസ് സി വിഭാഗത്തിലുള്ളവർക്ക്

മാത്രം അനുവദിക്കേണ്ടതാണെന്നും തുക ചെലവഴിക്കുമ്പോൾ ലൈഫ് മിഷൻ പദ്ധതിയുടെ വിവിധ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/ചെയർമാൻ , തിരുവല്ല നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ